**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. ബോബനെതിരായ നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1355/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 16.05.2018

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 22.08.2014-ലെ ഡി8-35552/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 17.03.2015-ലെ 59733/ഇപിബി2/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. എം.പി. ബോബൻ സമർപ്പിച്ച 25.05.2015-ലെ എതിർവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 24.02.2016-ലെ ഡി8-35552/2013 നമ്പർ കത്ത്

5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 07.12.2017-ലെ A1(1)4467/17/GW നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല വഹിച്ചിരുന്ന ശ്രീ. എം.പി. ബോബൻ 01.01.2013 മുതൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് എഴുതി പൂർത്തിയാക്കാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തി, ഓഫീസ് സമയത്ത് കൃത്യമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും, ഹാജരാകുന്ന ദിവസങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥന്റെ മാന്യതയ്ക്ക് യോജിക്കാത്ത വിധത്തിൽ ഓഫീസിൽവച്ച് മദ്യപിക്കുകയും ചെയ്യുന്നു, സാംഖ്യ സോഫ്റ്റ് വെയറിൽനിന്ന് ക്യാഷ്ബുക്കിന്റെ പകർപ്പെടുത്ത് സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കുന്നില്ല 'നിർമ്മൽ' പുരസ്കാരവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ പരിശോധനയ്ക്ക് വന്ന ഉദ്യോഗസ്ഥനോട് സഹകരിക്കാതെ നിരുത്തരവാദപരമായി പെരുമാറി, സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാസമയം കൂടുന്നതിന് നോട്ടീസ് നൽകുകയോ മിനിട്ട്സ് ചട്ടപ്രകാരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല ഫ്രണ്ടോഫീസ് സംവിധാനം യഥാവിധി പ്രവർത്തിപ്പിക്കുന്നില്ല ഓഫീസിൽ ലഭിക്കുന്ന തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ല തുടങ്ങിയ ഗുരുതര വീഴ്ചകൾ ആരോപിച്ച് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും 31.05.2014-ൽ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 പ്രകാരം നടപടികൾ തുടരുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ശ്രീ. എം.പി. ബോബന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം സ്ഥിരമായി കുറവു വരുത്തുന്നതിന് താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.പി. ബോബൻ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രകയിൽ കാരണം കാണിക്കൽ നോട്ടീസിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ഫ്രണ്ടോഫീസ് സംവിധാനം മെച്ചപ്പെടുത്തിയതും മിനിട്ട്സ്

പൂർത്തിയാക്കിയതും, ക്യാഷ് ബുക്ക് പൂർത്തീകരിച്ചതും ശ്രീ.എം പി ബോബൻ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ചുമതലയിൽനിന്ന് ഒഴിഞ്ഞതിന് ശേഷം മാത്രമാണെന്നും ഈ ആരോപണങ്ങളുൾപ്പെടെ ചുമത്തിയിട്ടുള്ള കുറ്റങ്ങളെല്ലാം നിലനിൽക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. എം.പി. ബോബൻ സമർപ്പിച്ച എതിർവാദ പത്രികയുടേയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്ന് കണ്ടു.അതിന്റെ അടിസ്ഥനത്തിൽ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം സ്ഥിരമായി കുറവു വരുത്തുന്നതിനെടുത്ത താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനു തീരുമാനിക്കുകയും ഇക്കാര്യത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും കമ്മീഷൻ പരാമർശം (5) പ്രകാരം സർക്കാർ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സേവനത്തിൽ നിന്ന് വിരമിച്ച ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.പി. ബോബന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം സ്ഥിരമായി കുറവു ചെയ്യുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ് . മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. എം.പി. ബോബൻ, മുൻ സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/26/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ